


# ഫാ. എബി ഫിലിപ്പ് കാർത്തികപ്പള്ളിക്ക് സ്വീകരണം നൽകി

കുവൈറ്റ്: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ, അഖില മലങ്കര പ്രാർത്ഥനായോഗം ജനറൽ സെക്രട്ടറിയും, മുതുകുളം സെൻറ് ജോർജ്ജ് ഓർത്തഡോക്സ് ഇടവകവികാരിയും, പ്രമുഖ സുവിശേഷ പ്രസംഗകനുമായ യുവവൈദികൻ ഫാ. എബി ഫിലിപ്പ് കാർത്തികപ്പള്ളി കുവൈറ്റിൽ എത്തിച്ചേർന്നു.

സെൻറ് ഗ്രീഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് മഹാഇടവകയുടെ ആത്മീയ-ജീവകാരുണ്യ പ്രസ്ഥാനമായ മാർ ബസേലിയോസ് മൂവ്മെൻറിൻെറ ആഭിമുഖ്യത്തിൽ പരിശുദ്ധ വലിയ നോമ്പിനോടനുബന്ധിച്ച് നടത്തുന്ന കൺവൻഷനും, ധ്യാനയോഗത്തിനും നേതൃത്വം നല്കുവാൻ എത്തിച്ചേർന്ന അദ്ദേഹത്തിന്, ഇടവക വികാരി ഫാ. ജോസ് മാത്യൂ, സെക്രട്ടറി സന്ദീപ് പുളിക്കൽ, മാർ ബസേലിയോസ് മൂവ്മെൻറ് ഭാരവാഹികൾ എന്നിവർ ചേർന്ന് കുവൈറ്റ് വിമാനത്താവളത്തിൽ ഊഷ്മളമായ വരവേൽപ്പ് നൽകി. കൂടുതൽ വിവരങ്ങൾക്ക് 99753802 / 90042457 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

*******